"ഭരണഭാഷ- മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

പരാമർശം : 1. വനിത ശിശുവികസന ഡയറക്ടറുടെ 11/01/2021 തിയതിയിലെ WCD-E8/12833/2020 നമ്പർ ഉത്തരവ്.
2. സർക്കാർ ഉത്തരവ് സഉ (കൈ) 06/2021/സാനീവ തിയതി 15/02/2021
3. വനിത ശിശുവികസന ഡയറക്ടറുടെ 23/06/2021 തിയതിയിലെ WCD-E9/14447/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : WCD-E7/5000/21 തീയതി : 14/07/2021**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരിൽ നിന്നാണ് സ്ഥാനക്കയറ്റം നൽകേണ്ടത്.

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം (3) ഉത്തരവ് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ശ്രീമതി.മായ.കെ.എസ്,ശ്രീമതി.നിഷമോൾ.വി.എ,ശ്രീമതി.സെൽമ.പി.സി,ശ്രീ.മുഹമ്മദ്.പി.കെഎന്നിവർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേനയും ശ്രീമതി. ലതിക.ജി 31/05/2021 തിയതിയിൽ വിരമിച്ച ഒഴിവും ചേർത്ത് ആകെ അഞ്ച് ഒഴിവുകൾ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുണ്ട്. സൂചന(1) പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിലെ ക്രമ നമ്പർ 1,2,3,8,12 സ്ഥാനങ്ങളിലുള്ള ജീവനക്കാരായ ശ്രീമതി.ഉഷ.പി.എസ്, ശ്രീമതി.സതി.കെ, ശ്രീ.ഷിജു.പി.കെ, ശ്രീ.ജമാൽഖാൻ, ശ്രീമതി.പ്രിയ ചന്ദ്രശേഖരൻ നായർ എന്നിവർ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ക്രമ നമ്പർ 13 ശ്രീമതി.ബിന്ദു.കെ.കെ മരണപ്പെട്ടതിനാലും സീനിയോറിറ്റി ലിസ്റ്റിലെ ചുവടെ പറയുന്ന ജീവനക്കാർ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരാണ്.

ക്രമ നമ്പർ (9) ശ്രീ.വിൻസിംഗ് ആൽബർട്ട്.ഇ.എസ്
ക്രമ നമ്പർ (10) ശ്രീമതി.മിനി.എസ്
ക്രമ നമ്പർ (11) ശ്രീ.ഷാനവാസ്.കെ.പി
ക്രമ നമ്പർ (14) ശ്രീ.നവാബ്.എ
ക്രമ നമ്പർ (15) ശ്രീമതി.ടിൻസി.എം.ടി

പ്രസ്തുത ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് I റൂൾ28 എ(1) പ്രകാരം റീ ഫിക്സേഷൻ ആനുകൂല്യത്തോടെ 41300-87000 ശമ്പള സ്കെയിലിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമനം നൽകി ഉത്തരവാകുന്നു. കൂടാതെ ഭരണപരമായ സൗകര്യാർത്ഥം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരന് ചുവടെ പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ സ്ഥലം മാറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.ബിനുറോയ്.എൻ.കെ<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ഒബ്സർവേഷൻ ഹോം, ആലപ്പുഴ. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം ,<br>നൂറനാട്,ആലപ്പുഴ |

**ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | പൂർണ്ണ അധികച്ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്,തസ്തിക,കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.വിൻസിംഗ് ആൽബർട്ട്.ഇ.എസ്<br>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ഒബ്സർവേഷൻ ഹോം, ആലപ്പുഴ. | |
| 2 | ശ്രീമതി.മിനി.എസ്<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം, കാസർകോഡ് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ. ഒബ്സർവേഷൻ ഹോം(ഗേൾസ്), കോഴിക്കോട് | ശ്രീമതി.ജിഷ.പി, മേട്രൺ ഗ്രേഡ് 1, ഗവ.മഹിളാ മന്ദിരം, കാസർകോഡ്. സ്ഥാപനത്തിലെ ബില്ലുകൾ മാറുന്നതിനുള്ള ചുമതല മാത്രം കാസർകോഡ് അഡിഷണൽ സി.ഡി.പി.ഒ ശ്രീമതി.റസിയ.കെ.എം ന് കൈമാറുന്നു. |
| 3 | ശ്രീ.ഷാനവാസ്.കെ.പി<br>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കണ്ണൂർ. | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ), കണ്ണൂർ. | |
| 4 | ശ്രീ.നവാബ്.എ<br>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം,കൊല്ലം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ഒബ്സർവേഷൻ ഹോം, തിരുവനന്തപുരം. | |
| 5 | ശ്രീമതി.ടിൻസി.എം.ടി<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം, പാലക്കാട് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം, പാലക്കാട് | ശ്രീമതി.ടിൻസി.എം.ടി പാലക്കാട് ഗവ.മഹിളാ മന്ദിരത്തിന്റെ അധികച്ചുമതന കൂടി വഹിക്കേണ്ടതാണ്. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

2021 ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
   സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്